# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

**ലേറ്റ് രജിസ്ട്രേഷൻ**

2024-25 അദ്ധ്യയന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിനായി ലേറ്റ് ഫീയോടുകൂടി രജിസ്ട്രേഷനുള്ള സൗകര്യം 13.08.2024 മുതൽ വീണ്ടും ലഭ്യമാക്കിയിട്ടുണ്ട്. 23.08.2024, 3.00 PM വരെ പ്രസ്തുത ലിങ്കിലൂടെ വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ പൂർത്തീകരിക്കാം. വെബ്സൈറ്റ് : www.admission.uoc.ac.in. അപേക്ഷാ ഫീസ് – SC/ST വിഭാഗം വിദ്യാർത്ഥികൾക്ക് 505 രൂപ, മറ്റുള്ളവർ 780 രൂപ..

അപേക്ഷയുടെ അവസാനമാണ് രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടത്. പെയ്മെന്റ് നടത്തുന്നതിനു മുൻപ് അപേക്ഷയിൽ നൽകിയ വിവരങ്ങൾ ശരിയാണെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. അപേക്ഷാ ഫീസ് അടച്ചതിനുശേഷം വീണ്ടും ലോഗിൻ ചെയ്ത് അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടതാണ്. പ്രിന്റ്ഔട്ട് ലഭിക്കുന്നതോടെ മാത്രമേ അപേക്ഷ പൂർണ്ണമാകുകയുള്ളൂ. 15.07.2024 മുതൽ 18.07.2024 വരെ അനുവദിച്ച എഡിറ്റിംങ് സൗകര്യം ഉപയോഗപ്പെടുത്തി അപേക്ഷ പൂർത്തീകരിക്കാത്തവർക്കും ഇന്നുമുതൽ ലോഗിൻ ചെയ്ത് അപേക്ഷ പൂർത്തീകരിക്കാവുന്നതാണ്. വിദ്യാർത്ഥികൾക്കായി അപേക്ഷയിലെ തിരുത്തലുകൾക്കുള്ള എഡിറ്റിങ് സൗകര്യവും സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ലിങ്കിലൂടെ ആവശ്യമായ തിരുത്തലുകൾ (മൊബൈൽ നമ്പർ, ഇ-മെയിൽ ഐഡി ഒഴികെ) വരുത്തേണ്ടതാണ്.

നേരത്തെ അഫിലിയേറ്റഡ് കോളേജുകളിൽ ലഭ്യമാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിലെ അപേക്ഷകരുടെ അഭാവത്തിൽ മാത്രമേ ലേറ്റ് രജിസ്ട്രേഷൻ അപേക്ഷകരെ മെറിറ്റ് /സംവരണ സീറ്റുകളിലെ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ. ആയതിനാൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന കോളേജുകളുമായി ബന്ധപ്പെട്ട ശേഷം മാത്രം രജിസ്ട്രേഷൻ പൂർത്തീകരിക്കുക. വിവിധ അഫിലിയേറ്റഡ് കോളേജുകളിലെ കോഴ്സ്-റിസർവേഷൻ എന്നിവ തിരിച്ചുള്ള സീറ്റ് വേക്കൻസി അഡ്മിഷൻ വിഭാഗത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**CU Campus**
**13.08.2024**

**(ഒപ്പ്)**
**ഡയറക്ടർ**